കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/1262/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി.- 12-06-2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

**മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

**സർ,**

**വിഷയം :** മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission)** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ) / (പെർഫോമൻസ് ഓഡിറ്റ് )

3)കാര്യാലയ പകർപ്പ്

എബികെ

നം.കെ.എസ്.എ.എം.പി.എം.4/1262/2019

തിയ്യതി: 12-06-2019

## മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-11-2017 മുതൽ 12-05-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. സുധാ ദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-05-2019 മുതൽ 24-05-2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. സീനത്ത് പി.എ | ഓഡിറ്റ് ഓഫീസർ |
| അബ്ദുൽ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ഷജീർ കെ | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി സലീന. കെ | 01-04-2017 മുതൽ 31-03-2018 വരെ |
| **സെക്രട്ടറി** | ശ്രീമതി നിർമ്മല.ടി | 01-04-2017 മുതൽ 31-03-2018 വരെ |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീമതി നിർമ്മല.ടി | 01.04.2017മുതൽ31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അനിൽകുമാർ.സി | 01.04.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ | ശ്രീ. ഉമർ പള്ളിയാളി | 01.04.2017മുതൽ 31.3.2018വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി.റോസ്‌ലി മാത്യൂ | 01.04.2017മുതൽ 31.03.2018 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. അനിൽദാസ്.കെ.ടി | 01.04.2017മുതൽ 31.03.2018 വരെ |
| ശിശുവികസന പദ്ധതി ഓഫീസർ | ശ്രീമതി. ഗീതാഞ്ജലി | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഫ്രാൻസിസ് ജോൺ | 01.04.2017മുതൽ31.08.2017വരെ |
| | ശ്രീ. സദാനന്ദൻ.കെ.കെ | 01.09.2017മുതൽ31.03.2018വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | |
| 13 | എച്.എം.സി.യുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. | 2-1 |
| 14 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല | 2-2 |
| | **ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | |
| 15 | പകൽവീട് നിർമ്മാണം -ഫർണ്ണീച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് -ഉപയോഗപ്പെടുത്തിയിട്ടില്ല. | 3-1 |
| 16 | വിവിധ പ്രവർത്തികൾക്ക് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്-പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-2 |
| 17 | സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകൽ -കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. | 3-3 |
| 18 | | 3-4 |

| | | |
|---|---|---|
| | പദ്ധതി രൂപീകരണം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | |
| 19 | എം.കെ.എസ്.പി. വർക്ക് ഷോപ്പ് നിർമ്മാണം -ഇൻകംടാക്സ് കുറവ് ഈടാക്കിയത് മൂലം കൺവീനർക്ക് അധിക തുക നൽകി. | 3-5 |
| 20 | പി.എം.എ.വൈ- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-6 |
| 21 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-വിഹിതം നൽകൽ-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-7 |
| 22 | വികലാംകർക്ക് മുച്ചക്ര സ്കൂട്ടർ നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-8 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 34 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 35 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 36 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| 1(1)/ 24.3.2017 | - |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 1.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്

# സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.6.2018 മുതൽ 26.6.2018 വരെ | കെ.എസ്.എ.എം.പി.എം.4 /1364/2018 തീയ്യതി 12.7.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17754981 |
| വരവ് | 52266844 |
| ആകെ | 70021825 |
| ചെലവ് | 56230961 |
| നീക്കിയിരുപ്പ് | 13790864 |

# 1-5 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ലാപ്സായ തുക) | ചെലവ് ശതമാനം % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 34212331 | 34212331 | 24082013 | 10130318 | 70.38 |
| വികസനഫണ്ട് എസ്.സി.പി. | - | 790500 | 790500 | 5351468 | 2553532 | 67.69 |
| വികസനഫണ്ട് ടി.എസ്.പി. | - | 10955 | 10955 | 0 | 10955 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4362000 | 4362000 | 4121246 | 240754 | 94.48 |
| സാക്ഷരത (എസ്.ബി.ഐ) | 85567 | 3187 | 88754 | 0 | 88754 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മി.ചെലവ്) | 12000 | 502000 | 514000 | 502000 | 12000 | 97.66 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട്(ബ്ലോക്ക്) | 400000 | 2419000 | 2819000 | 400000 | 2419000 | 14.18 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2926329 | 3582000 | 6508329 | 3292689 | 3215640 | 50.59 |
| ജില്ലാ സഹകരണ ബാങ്ക് ഐ.എ.വൈ ലോൺ | 4796 | 0 | 4796 | 4796 | 0 | 0 |
| തനത് ഫണ്ട് | 66822 | 2529 | 69351 | 70 | 69281 | |
| യു.ബി.ഐ( IAY GP/BP/DP) | 11078076 | 11875523 | 22953599 | 17152460 | 5801139 | |
| പി.എൻ.ബി ( TSC) | 1601210 | 51060 | 1652270 | 1034574 | 617696 | |
| എസ്.എം.ജി.ബി ( TSC) | 377128 | 25597 | 402725 | 7108 | 395617 | |

| | | | | | | |
|---|---|---|---|---|---|---|
| ഇന്ത്യൻ ബാങ്ക് ( (WGDP) | 7278 | 278 | 7556 | 0 | 7556 | |
| എം.ഡി.സി ബാങ്ക് | 67336 | 2889 | 70235 | 70235 | 0 | |
| ജില്ലാ ്രഷറി മലപ്പുറം – സ്പെഷ്യൽ ഫണ്ട് 1 | 555 | 0 | 555 | 0 | 555 | |
| യു.ബി.ഐ- (SGSY) | 7493 | 1074 | 8567 | 8567 | 0 | |
| ഇന്ത്യൻ ബാങ്ക് ( TSC) | 1132391 | 43280 | 1175671 | 45 | 1175626 | |

നോട്ട്: വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. മെയിന്റനൻസ് ഗ്രാന്റ് എന്നവ മൂന്നാം ഗഡു സംഖ്യ ACR ൽ ചേർത്തിട്ടില്ല. യഥാർത്ഥ വരവ് തുകയാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം 12000/- രൂപയുണ്ടെങ്കിലും AFS ൽ RP40(a), RP40(b) എന്നിവയിൽ ചേർത്തിട്ടില്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 90 | 64969770 | 59 | 33554727 | 0 | 31 | 65 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തനത് വരുമാനം

ഇല്ല

# 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.05.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് ഇല്ല.

# 1-10 ആഭ്യന്തര നിയന്ത്രണം

1)ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3)പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളിലെ കൺവീനർ ഒഴികെയുള്ള അംഗങ്ങൾ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്റ്റുകളിലൊന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല.

4) മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പൂക്കോട്ടൂർ പി.എച്.സിയിലെ മാനേജ്മെന്റ് കമ്മിറ്റിയുടെ 2015-16 മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആയത് ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2018 | 1-2-2017 മുതൽ 30-09-2018 വരെ | 24-1-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2013 | 2008-09 മുതൽ 2012-13 വരെ | 02-01-2014 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ കൊടുക്കുന്നു:

1. വാർഷിക കണക്കിനോടൊപ്പം 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗൺണ്ട്സ് ചട്ടങ്ങളിലെ ചട്ടം 65 (v) എ പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, ചട്ടം 65 (v) ഇ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ തയ്യാറാക്കിയിട്ടില്ല.
2. വാടക ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല .
3. മറ്റു വരവുകൾക്ക് (Sale of tender forms) ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. തൻ വർഷത്തിൽ 3 പ്രവർത്തികളിലായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്(705602രൂപ), പി എച്ച് സി പൂക്കോട്ടൂർ ഇംപ്രൂവ്മെന്റ് (459394രൂപ), ചെറുകുന്ന് മേലേക്കുളമ്പ് അംഗൻവാടി(503184രൂപ)) എന്നിവയിലായി ആകെ 16,68,180/- രൂപ പാർട്ട് ബില്ലിനത്തിൽ നൽകിയിട്ടുണ്ടെങ്കിലും Capital work in progress (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) ആയി 407,066/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല.
5. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 22,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ബാലൻസ്ഷീറ്റ് (B-18 Schedule ) ചേർത്തിട്ടില്ല. ബാലൻസ്ഷീറ്റ് (B-18 Schedule ) പ്രകാരം രേഖപ്പെടുത്തിയ തുകകളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule ) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.
8. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ബാലൻസ് സ്റ്റോക്ക് B 14 Schedule ൽ ചേർത്തിട്ടില്ല.

9. ഡയറി എക്സ്റ്റർഷൻ ഓഫീസർ TR 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.പട്ടികജാതി വികസന ഓഫീസർ പഞ്ചായത്ത് ഫണ്ടിനു മാത്രമായി TR 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു.

10. വികസന ഫണ്ട് - ജനറൽ , വികസന ഫണ്ട് - എസ് സി പി, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ വരവുകൾ പൂർണ്ണമായി ACR ൽ ചേർത്തിട്ടില്ല.

11. ഡേ ബുക്ക് പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല.

12. മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. ബ്ലോക്ക്പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ പ്രകാരം, മലപ്പുറം ബ്ലോക്ക്പഞ്ചായത്ത് 2017-18 വർഷത്തിൽ ടെണ്ടർ ചെയ്ത 4 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാവാനുണ്ട്. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പകൽവീട് നിർമ്മാണം -ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് -ഉപയോഗപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം. 94/18

നിർവ്വഹണോദ്യോഗസ്ഥൻ -സി.ഡി.പി.ഒ.

ബിൽ നം. തി .തുക -5/17-18 dt.28.03.18 -193690/-

വകയിരുത്തിയ തുക -250000/-

മേൽ പ്രോജക്റ്റ് പ്രകാരം പകൽ വീട്ടിലേക്കാവശ്യമായ ഫർണ്ണീച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം. MJRI/17-18/TI/0382/24.03.18 പ്രകാരം സിഡ്കോയിൽ നിന്നും 153990/രൂപയുടെ ഫർണ്ണീച്ചറും, QRS Retail LTD. എന്ന സ്ഥാപനത്തിൽ

നിന്നും ഇൻവോയ്സ് നം. INV66-807552/24.03.18 പ്രകാരം ടി.വി,ഇൻഡക്ഷൻ കുക്കർ എന്നിവയും വാങ്ങിയിട്ടുണ്ട്. വാറന്റി സമയത്തിനുള്ളിൽ ഉപകരണങ്ങൾ ഉപയോഗിക്കാത്തതു മൂലം ആയതിന്റെ വാറന്റി നഷ്ടപ്പെടുന്നതും ഉപയോഗശൂന്യമായി മാറുകയും ചെയ്യും. എന്നാൽ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള പകൽവീട്ടിലേക്ക് കറന്റ് കണക്ഷൻ ലഭിക്കാത്തതുമൂലം പ്രവർത്തനം തുടങ്ങുകയോ വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയത് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നത് വരെ ചെലവഴിച്ച 193690/- രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 8/20.05.19).

# 3-2 വിവിധ പ്രവർത്തികൾക്ക് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്- പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്,പ്രോജക്റ്റ് നം | ബിൽ നം. തി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പാറമ്മൽ എസ്.സി. കോളനി കുടിവെള്ള പദ്ധതി,86/18 | 27/23.03.18 | 500000/- | പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | മൈലാടി ക്വാറി മലിന ജല സംസ്കരണം ,16/18 | 30/27.03.18 | 1700000/- | ,, |
| | | | 2200000/- | |

മേൽ പ്രവർത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ചെലവഴിച്ച 2200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 01/16.05.19)

# 3-3 സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകൽ -കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

പ്രോജക്റ്റ് നം.90/18

ബിൽ നം. തി. 24/16.03.18 -222000/-

സാമൂഹ്യസുരക്ഷാമിഷൻ വിഹിതമായി 222000/-രൂപ സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക
ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 2/17.05.19)

# 3-4 പദ്ധതി രൂപീകരണം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 01/18
നിർവ്വഹണം : സെക്രട്ടറി

ബിൽ നം .തി .29/27.03.18 പ്രകാരം പദ്ധതിരൂപീകരത്തിന് വേണ്ടി ചെലവഴിച്ച 25682/ രൂപയുടെ(Better prints& Trophy എന്ന സ്ഥാപനത്തിന് നൽകിയത്) ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കുന്നതു വരെ നൽകിയ തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 2/17.05.19).

# 3-5 എം.കെ.എസ്.പി. വർക്ക് ഷോപ്പ് നിർമ്മാണം -ഇൻകംടാക്സ് കുറവ് ഈടാക്കിയത് മൂലം കൺവീനർക്ക് അധിക തുക നൽകി.

പ്രോജക്റ്റ് നം. 22/18
നിർവ്വഹണം: സെക്രട്ടറി

സാങ്കേതികാനുമതി -TS.1900/AEE/LSGD/17-18 dt.20.05.17.

എഗ്രിമെന്റ് -01/17-18 dt.20.05.17.
കൺവീനർ : സുനീറ.പി.

എം.ബുക്ക് നം. 52/16-17

അഡ്വാൻസ് -100000 രൂപ ചെക്ക് നം. 929849/23.08.17

ഫൈനൽ ബിൽ -241713 രൂപ ചെക്ക് നം. 929853/06.11.17 -

1)ഇൻകംടാക്സ് 2 % ഈടാക്കേണ്ടതിന് പകരം 1% ഈടാക്കിയത് മൂലം കൺവീനർക്ക് 3674/ രൂപ അധികം നൽകുകയുണ്ടായി. വിശദവിവരം താഴെ കൊടുക്കുന്നു.

| | നൽകാവുന്നത് | നൽകിയത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 367433 | 367433 |
| വാറ്റ് | 18372 | 18372 |
| കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ് | 3674 | 3674 |
| ഇൻകംടാക്സ് | 7348 | 3674 |
| ബാക്കി | 338039 | 341713 |
| | | |

| | | |
|---|---|---|
| അഡ്വാൻസ് | 100000/- | 100000/- |
| ഫൈനൽ ബിൽ | 238039 | 241713 |

അധികം നൽകിയ 3674/ രൂപ കൺവീനറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. (4/17.05.19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക തിരിച്ച് പിടിക്കാമെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്).

മറ്റു അപാകതകൾ

2)എല്ലാ പണമിടപാടുകളും നടത്തുന്നതിനായി നിർവ്വഹണകമ്മിറ്റിക്ക് വേണ്ടി പ്രസ്തുത കമ്മിറ്റി ചെയർമാന്റേയും കൺവീനറുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതും എ ല്ലാ പണമിടപാടുകളും ചെക്ക് മുഖേന നടത്തണമെന്നുമുള്ള എഗ്രിമെന്റിലെ നിബന്ധന 4 പാലിച്ചിട്ടില്ല.

3)VAT,18372/-രൂപ അടവാക്കിയതിന്റെ രശീത് ഹാജരാക്കിയിട്ടില്ല.

# 3-6 പി.എം.എ.വൈ- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഏതാനും ഗഡുക്കൾ കൈപ്പറ്റിയഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. വിശദ വിവരം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | നൽകിയ തുക |
|---|---|---|---|
| 1. | രാജശ്രീ, മേലേ പാലക്കോട് | മൊറയൂർ | 156000 |
| 2. | ചാമി, അലഗിരി വട്ടപ്പോയിൽ | മൊറയൂർ | 176000 |
| 3. | വട്ടത്തറ ഹരിദാസ്, അയ്യടമ്മൽ | മൊറയൂർ | 176000 |
| 4. | മണി വട്ടകുളത്ത് | മൊറയൂർ | 276000 |
| 5. | ചന്തു, ചാലിൽ പള്ളിയാലിൽ | പൊന്മള | 176000 |
| | **ആകെ** | | **960000** |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(9 /21.5.2019)** മറുപടി നൽകിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 9/21.05.19)

# 3-7 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-വിഹിതം നൽകൽ-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം.39/17

ബിൽ നം. തി. 03/17-18 dt.27.11.17 -650000/-

നിർവ്വഹണം : സി.ഡി.പി.ഒ.

മേൽ പ്രോജക്റ്റ് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്ത പഞ്ചായത്തുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തുകളുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | ആനക്കയം | 150000/- |
| 2 | മൊറയൂർ | 100000/- |
| 3 | പൂക്കോട്ടൂർ | 100000/- |
| | ആകെ | 350000/- |

ആനക്കയം,മൊറയൂർ, പൂക്കോട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെ രശീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാത്തതിനാൽ 350000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 6/20.05.17).

# 3-8 വികലാംഗർക്ക് മുച്ചക്ര സ്കൂട്ടർ നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.

എ)നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ.

പ്രൊജക്ട് നം - 78/18

ബിൽ നം - 01/03.11.17

തുക -1743725/-(69749*25)

പദ്ധതി പ്രകാരം ACE MOTORS, CALICUT എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച 25 സ്കൂട്ടറുകൾ ഗുണഭോക്താക്കളുടെ പേരിൽ വാങ്ങിയിട്ടുണ്ട്.

സ.ഉ (എം.എസ്) നം.80/17/ത.സ്വ.ഭ.വ തി. 30.04.17 ഖണ്ഡിക 10.1(6) പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിക്കണമെങ്കിൽ ഗുണഭോക്താവ് 40% ലേറെ വൈകല്യമുള്ള വ്യക്തിയാണെങ്കിൽ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 100000/- നം SC ഗുണഭോക്താക്കൾ 200000/- രൂപയിൽ താഴെയും വാർഷിക കുടുംബവരുമാനമുള്ള കുടുംബത്തിലെ അംഗമാകണമെന്നും 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച വ്യക്തിയാവരുത് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോകാതാക്കൾക്ക് മുൻവർഷങ്ങളിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്കൂട്ടർ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈസൻസ്,വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | ഇൻവോയ്സ് നമ്പർ |
|---|---|---|
| 1 | മൻസൂർ | 10097B117S1243/ |

| | | |
|---|---|---|
| | പൂമണത്തിൽ | 19.09.17(വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കി) |
| 2 | ജാഫർ<br>ഒണങ്ങല്ല പറമ്പൻ,കോട്ടൂർ | 10097B117S1244/<br>19.09.17 |
| 3 | ഹംസ<br>പുല്ലന്നൂർ മുച്ചിക്കര<br>മലപ്പുറം | 10097B117S1250/<br>19.09.17 |
| 4 | ശൈബക്ക് അലി<br>പൂക്കാട്ട്<br>പൂക്കോട്ടൂർ | 10097B117S1249/<br>19.09.17(വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കി) |
| 5 | ചന്ദ്രശേഖരൻ.സി.<br>ചെമ്പറമ്മേൽ<br>വടക്കുംമുറി | 10097B117S1230/<br>19.09.17(വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കി) |
| 6 | അസ്സയിൻ<br>കല്ലൻ ഹൗസ്<br>പൊന്മള | 10097B117S1232/<br>19.09.17<br>(ഡ്രൈവിങ്ങ് ലൈസൻസ്<br>ഹാജരാക്കി) |
| 7 | അബ്ദുള്ള.<br>ഒളക്കരതൊടി<br>മലപ്പുറം | 10097B117S1231/<br>19.09.17(ഡ്രൈവിങ്ങ് ലൈസൻസ്<br>ഹാജരാക്കി) |
| 8 | സാദിക്കലി<br>കരിമ്പനക്കൽ<br>പൊന്മള | 10097B117S1233/<br>19.09.17<br>(ഡ്രൈവിങ്ങ് ലൈസൻസ്<br>ഹാജരാക്കി) |
| 9 | ഫാരിസ്<br>കൊല്ലേത്ത് ഹൗസ് | 10097B117S1236/<br>19.09.17 |

| | | |
|---|---|---|
| | ഒതുക്കുങ്ങൽ | |
| 10 | ഉമ്മർ.പി.<br><br>കോട്ടമ്മൽ ഹൗസ്<br><br>മൊറയൂർ | 10097B117S1251/<br><br>19.09.17(വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കി) |
| 11 | നാടിക്കുട്ടി വടക്കൻ<br><br>മറ്റത്തൂർ | 10097B117S1240/<br><br>19.09.17(ഡ്രൈവിങ്ങ് ലൈസൻസ്<br><br>ഹാജരാക്കി) |
| 12 | അബ്ദുൾ റസാക്ക്.കെ.പി.<br><br>കമ്പ്രത്ത് പുലിക്കോടൻ<br><br>ഒതുക്കുങ്ങൽ | 10097B117S1255/<br><br>19.09.17 |

മേൽ ഗുണഭോക്താക്കളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ബി)വനിത വികലാംഗർക്ക് മുച്ചക്ര സ്കൂട്ടർ നൽകൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ.

പ്രൊജക്റ്റ് നം - 79/18

ബിൽ നം - 02/31.10.17 -348545/-((69749*5)

പദ്ധതി പ്രകാരം ACE MOTORS, CALICUT എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച 5 സ്കൂട്ടറുകൾ ഗുണഭോക്താക്കളുടെ പേരിൽ വാങ്ങിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഡ്രൈവിങ്ങ് ലൈസൻസ്, വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രനം | ഗുണഭക്താവിന്റെ പേര് | ഇൻവോയ്സ് നം. തി. |
|---|---|---|
| 1 | ജമീല<br><br>അട്ടമാരി<br><br>മൊറയൂർ | 10097B117S1254/<br><br>19.09.17<br><br>(വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കി) |
| 2 | പാത്തുമ്മ | 10097B117S1245/ |

| | | |
|---|---|---|
| | ചക്കാലക്കുന്നൻ<br>മുണ്ടുപറമ്പ് | 19.09.17 |
| 3 | കമലം<br>മല്ലിശ്ശേരി ഹൗസ്<br>കോട്ടപ്പുറം | 10097B117S1237/<br>19.09.17<br>(ഡ്രൈവിങ്ങ് ലൈസൻസ് ഹാജരാക്കി) |

[ആയത് ലഭ്യമാക്കുന്നത് വരെ 1046235/- രൂപ (69749x15)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 5/20.05.19)].

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ,ബിൽ നമ്പർ | നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|---|
| KWA | പാറമ്മൽ എസ്.സി കോളനി കുടിവെള്ള പദ്ധതി | 27/22.3.18 | 5,00,000 | 5,00,000 | യു.സി ലഭ്യമായിട്ടില്ല | 0 |
| KWA | മൈലാടി ക്വാറി മലിനജല സംസ്കരണം | 30/24.3.18 | 17,00,000 | 17,00,000 | യു.സി ലഭ്യമായിട്ടില് | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വിനിയോഗം

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1999-2000 | 40 | 2001-02 | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ |

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടി വിവരങ്ങൾ

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 70021825 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56230961 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,37,607 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻറെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 3-1 | 1,93,690 | ശ്രീമതി. ഗീതാഞ്ജലി, സി.ഡി.പി.ഒ. |
| 3-2 | 22,00,000 | നിർമ്മല.ടി, സെക്രട്ടറി |
| 3-3 | 2,22,000 | നിർമ്മല.ടി, സെക്രട്ടറി |
| 3-4 | 25,682 | നിർമ്മല.ടി, സെക്രട്ടറി |
| 3-7 | 3,50,000 | നിർമ്മല.ടി, സെക്രട്ടറി |
| 3-8 | 10,46,235 | ശ്രീമതി. ഗീതാഞ്ജലി, സി.ഡി.പി.ഒ. |
| ആകെ | 40,37,607 | |

<u>സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം</u>

ഖണ്ഡിക 3(5) : 3674 – ഇൻകം ടാക്സ്

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1999-2000 | എൽ.എഫ്.എം.4/3285/14 തി.31.12.2014 | 1 |
| 2 | 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 |
| 3 | 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 |
| 4 | 2002-03 | കെ.എസ്.എ.എം.പി.എം.4/3287/2014 തി.26.04.2017 | 3 |
| 5 | 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 |
| 6 | 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 |
| 7 | 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 |
| 8 | 2006-07 | എൽ.എഫ്.എം.4/3285/14(7) | 18 |

| | | | |
|---|---|---|---|
| | (ചെലവ്) | തി.31.12.2014 | |
| 9 | 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 23 |
| 10 | 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 |
| 11 | 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 |
| 12 | 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 |
| 13 | 2011-12 | എൽ.എഫ്.എം.4/3285/14 തി.25.04.2018 | 6 |
| 14 | 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 |
| 15 | 2013-14 | എൽ.എഫ്.എം.4/3311/14 തി.09.01.2015/24.01.2015 | 5 |
| 16 | 2014-15 | എൽ.എഫ്.എം.4/2506/15 തി.18.04.2018 | 1 |
| 17 | 2015-16 | നം.കെ.എസ്.എ.എം.പി.എം4/2841/2018 തി.14.06.2019 | 9 |
| 18 | 2016-17 | കെ.എസ്.എ.എം.പി.എം4/159/2019 തി.01.06.2019 | 10 |

കുറിപ്പ്: 1999-2000 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശക്തമായ ഇടപെടലുകളും തീരുമാനങ്ങളും ത്വരിതപ്പെടുത്തി പരാമർശങ്ങൾക്ക് തീർപ്പു കൽപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.4/1364/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 12-07-2018

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **മലപ്പുറം ബ്ലോക്ക്** പഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മലപ്പുറം ബ്ലോക്ക്** പഞ്ചായത്തിന്റെ **2017-18** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**